ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. രാജ്യം ഇന്ന് ഭരണഘടനാ ദിനം ആഘോഷിക്കുന്നു. ഇന്ത്യൻ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയതിന്റെ 75-ാം വാർഷികാഘോഷങ്ങൾക്ക് ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികളോടെ ഇന്ന് തുടക്കം.

   The nation is observing Constitution Day today. Year long celebrations begins today to commemorate the 75th year of the adoption of the constitution of India.

2. ഭരണഘടനാ ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെന്റ് അംഗങ്ങളെ അഭിസംബോധന ചെയ്യും. സുപ്രീംകോടതിയിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. സംസ്ഥാനത്തും വിപുലമായ പരിപാടികൾ.

   President Draupadi Murmu will address Members of Parliament on Constitution Day. Prime Minister Narendra Modi will participate in the constitution day celebrations at the Supreme Court. A wide range of programs will be held in the state as well.

3. രാജ്യത്തിന്റെ വളർച്ചയിൽ സഹകരണ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Prime Minister Narendra Modi said that co-operatives play a big role in the growth of the country.

4. മധ്യപൂർവ മേഖലയിലെ ഭീകര പ്രവർത്തനങ്ങളിൽ ആശങ്കയറിയിച്ച് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.

   External Affairs Minister S Jaishankar expresses concern over terrorist activities in the Middle East region.

5. **റെയിൽവെയുടെ മൂന്ന് റെയിൽപാത വികസന പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.**

**Union Cabinet approves three railway development projects of Railways.**

6. **ഇന്ന് ദേശീയ ക്ഷീരദിനം. ധവള വിപ്ലവത്തിന്റെ പിതാവ് ഡോക്ടർ വർഗീസ് കുര്യനെ അനുസ്മരിച്ച് രാജ്യം.**

**Today is National Milk Day. The country commemorates Dr. Varghese Kurian, the father of the White Revolution.**

**==================================**

## CONSTITUTION DAY

രാജ്യം ഇന്ന് ഭരണഘടന ദിനമായി ആഘോഷിക്കുന്നു. ഭരണഘടന നിർമ്മാണ സഭ ഇന്ത്യൻ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയതിൻറെ 75 -ാാം വാർഷികമാണ് ഇന്ന്. 1949 നവംബർ 26 നാണ് ഭരണഘടനയ്ക്ക് അംഗീകാരം നൽകിയത്. 1950 ജനുവരി 26 നാണ് ഇത് പ്രാബല്യത്തിൽ വരുന്നത്. ഭരണഘടന ദിനാഘോഷത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികളാണ് കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഹമാരാ സംവിധാൻ ഹമാരാ സ്വാഭിമാൻ എന്ന പേരിൽ വിപുലമായ ആഘോഷ പരിപാടികളാണ് രാജ്യത്തുടനീളം സംഘടിപ്പിക്കുന്നത്. ന്യൂഡൽഹിയിലെ സംവിധാൻ ഭവനിൽ ഇന്ന് നടക്കുന്ന ആഘോഷച്ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറ് അംഗങ്ങളെ അഭിസംബോധന ചെയ്യും. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാർ, പാർലമെൻറ് അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. ഭരണഘടന ദിനാഘോഷത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് സ്മാരക സ്റ്റാമ്പും പുറത്തിറക്കും. **Making of the Constitution of India: A Glimpse, Making of the Constitution of India and its Glorious Journey** എന്നീ പുസ്തകങ്ങളുടെ സംസ്കൃതം, മൈഥിലി ഭാഷകളിലുള്ള പതിപ്പും പ്രകാശനം ചെയ്യും.

**==================================**

## PM-CONSTITUTION DAY

ഭരണഘടനാ ദിനാചരണത്തോടനുബന്ധിച്ച് ഇന്ന് വൈകിട്ട് സുപ്രീം കോടതിയിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. ചടങ്ങിനെ അഭിസംബോധന ചെയ്യുന്ന പ്രധാനമന്ത്രി ഇന്ത്യൻ ജുഡീഷ്യറിയുടെ 2023-24 വാർഷിക റിപ്പോർട്ടും പ്രകാശനം ചെയ്യും. കേന്ദ്ര നിയമമന്ത്രി അർജുൻ റാം മേഘ്വാൾ, ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, സുപ്രീം കോടതിയിലെ മറ്റ് ജഡ്ജിമാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരാകും.

==================================

## CONSTITUTION DAY – STATE

ഭരണഘടനാ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തും ഇന്ന് വിപുലമായ പരിപാടികൾ. നെഹ്റു യുവ കേന്ദ്രയുടെ ആഭിമുഖ്യത്തിൽ ഇന്ന് തിരുവനന്തപുരത്ത് അഞ്ഞൂറോളം മേരാ യുവ ഭാരത് വളണ്ടിയർമാർ അണിനിരക്കുന്ന പദയാത്ര സംഘടിപ്പിക്കും. ദിനാഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ ഭരണഘടനയുടെ ആമുഖം വായിക്കും. നിയമസഭാ ലൈബ്രറിയിൽ സംഘടിപ്പിക്കുന്ന പുസ്തക പ്രദർശനത്തിന്റെ ഉദ്ഘാടനവും സ്പീക്കർ നിർവഹിക്കും.

==================================

## COOPERATIVE CONFERENCE- (INTRO)

രാജ്യത്തിന്റെ വളർച്ചയിൽ സഹകരണ സ്ഥാപനങ്ങൾ വലിയ പങ്കാണ് വഹിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സഹകരണ ബാങ്കുകളെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിക്കുന്നതിനുമായി നിരവധി പരിഷ്കാരങ്ങൾ കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ സഹകരണ സംഘങ്ങളെ ചാക്രിക സമ്പദ്‌വ്യവസ്ഥയുമായി ബന്ധിപ്പിക്കേണ്ട തിന്റെയും ഈ മേഖലയിലെ ആഗോള സഹകരണം പ്രോത്സാഹിപ്പിക്കു ന്നതിന്റെയും പ്രാധാന്യത്തെപറ്റിയും ശ്രീ മോദി വിശദീകരിച്ചു.

ആഗോള സഹകരണ ഉച്ചകോടിയുടെ ഉദ്ഘാടനം ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.

**(HOLD VOICE........)**

സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ മൂന്ന് വർഷത്തിനിടെ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്ര സഹകരണ മന്ത്രി അമിത് ഷാ പറഞ്ഞു. 2025 അന്താരാഷ്ട്ര സഹകരണ വർഷത്തോട് അനുബന്ധിച്ചുള്ള അനുസ്മരണ സ്റ്റാമ്പും ചടങ്ങിൽ പ്രധാനമന്ത്രി പുറത്തിറക്കി. ഭൂട്ടാൻ പ്രധാനമന്ത്രി ഫിജി ഉപപ്രധാനമന്ത്രി തുടങ്ങിയ പ്രമുഖർ ഉച്ചകോടിയിൽ പങ്കെടുത്തു.

=================================

**PRESIDENT VISIT - TAMIL NADU**

രാഷ്ട്രപതി ദ്രൗപദി മുർമു മൂന്ന് ദിവസത്തെ സന്ദർശനത്തിനായി നാളെ തമിഴ്നാട്ടിലെത്തും. ഊട്ടിയിലെ വെല്ലിംഗ്ടൺ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജിൽ മറ്റന്നാൾ  നടക്കുന്ന പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നീലഗിരിയിൽ ഗോത്രവർഗ വിഭാഗങ്ങളുമായി വെള്ളിയാഴ്ച  ശ്രീമതി മുർമു സംവദിക്കും. തിരുവാരൂരിലെ തമിഴ്നാട് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ബിരുദദാന ചടങ്ങിനെ ശനിയാഴ്ച രാഷ്ട്രപതി അഭിസംബോധന ചെയ്യും.

=================================

**JAISHANKAR-MED**

മധ്യപൂർവ മേഖലയിലെ ഭീകര പ്രവർത്തനങ്ങളിൽ ആശങ്കയറിയിച്ച് വിദേശകാര്യമന്ത്രി എസ് ജയ്ശങ്കർ.  മേഖലയിലെ അക്രമ സംഭവങ്ങളെ ഇന്ത്യ ശക്തമായി അപലപിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു. റോമിൽ നടക്കുന്ന M.E.D. മെഡിറ്ററേനിയൻ ഡയലോഗിൽ സംസാരിക്കുകയായിരുന്നു ശ്രീ ജയ്ശങ്കർ.   പലസ്തീൻ , യുക്രൈൻ വിഷയങ്ങൾ ഉയർത്തിക്കാട്ടിയ ശ്രീ ജയ്ശങ്കർ പ്രശ്നങ്ങളുടെ പരിഹാരം ചർച്ചകളിലൂടെയും നയതന്ത്ര ബന്ധത്തിലൂടെയും ആകണമെന്നും ആവർത്തിച്ചു. ഫ്രഞ്ച് വിദേശകാര്യമന്ത്രിയുമായി ശ്രീ ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി.

=================================

## ISRAEL CEASEFIRE DEAL

ലെബനനുമായി വെടിനിർത്തൽ കരാറിൽ ഏർപ്പെടുന്നതിനുള്ള ചർച്ച ഇന്ന് ടെൽ അവീവിലെ ഇസ്രയേൽ പ്രതിരോധ സേനകളുടെ ആസ്ഥാനത്ത് നടത്താൻ തീരുമാനം. ഇസ്രയേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹു ഇതിന് അംഗീകാരം നൽകിയതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

==================================

## CABINET- RAILWAYS – (INTRO)

റെയിൽവെയുടെ **7,927 കോടി** രൂപയുടെ മൂന്ന് പദ്ധതികൾക്ക് കേന്ദ്രമന്ത്രിസഭയുടെ സാമ്പത്തിക കാര്യ സമിതി അംഗീകാരം നൽകി. ജൽഗാവ് - മൻമാഡ്, ഭുസാവൽ - ഖണ്ഡ്വ, പ്രയാഗ്‌രാജ് – മാനിക്പുർ റെയിൽ പാത വികസന പദ്ധതികളാണ് ഇവ. ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനും യാത്ര സുഗമമാക്കുന്നതിനും ചരക്ക് നീക്ക ചെലവ് കുറയ്ക്കുന്നതിനും പദ്ധതികൾ ഉപയോഗപ്രദമാകുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു.

**(VOICE.............)**

അരുണാചൽ പ്രദേശിലെ ഷി യോമി ജില്ലയിൽ ഹീയോ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണത്തിനായി 1,939 കോടി രൂപ അനുവദിക്കാനും സാമ്പത്തിക കാര്യ സമിതി അനുമതി നൽകി.

==================================

## CABINET- AIM 2.0

ഇന്ത്യയുടെ സംരംഭകത്വ ആവാസ വ്യവസ്ഥ വിപുലീകരിക്കുന്നതിനായി അടൽ ഇന്നോവേഷൻ മിഷൻ തുടരുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം. ദൗത്യം വിപുലീകരിക്കുന്നതിന് നിതി ആയോഗിന് കീഴിൽ 2028 മാർച്ച് 31 വരെ **2,750 കോടി** രൂപ വകയിരുത്തുന്നതിനും മന്ത്രിസഭ അംഗീകാരം നൽകി. **AIM 2.0** വികസിത ഭാരതം ശക്തിപ്പെടുത്തുന്നതിനും ദൗത്യം തുടരുന്നതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ, മികച്ച സേവനങ്ങൾ എന്നിവ ഉറപ്പാക്കാൻ സാധിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ

വിശദീകരിക്കവെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. ജമ്മു കശ്മീർ, വടക്ക് - കിഴക്കൻ സംസ്ഥാനങ്ങൾ, അഭിലാഷ ജില്ലകളിൽ എന്നിവിടങ്ങളിൽ 2,500 പുതിയ ലാബുകൾ ആരംഭിക്കാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.

==================================

**CABINET - PAN 2.0**

ആദായനികുതി വകുപ്പിന്റെ **പാൻ 2.0** പദ്ധതിക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന സാമ്പത്തികകാര്യ മന്ത്രിസഭാസമിതി അംഗീകാരം നൽകി. **1,435 കോടി** രൂപയായിരിക്കും **പാൻ 2.0** പദ്ധതിയുടെ സാമ്പത്തിക ഉൾപ്പടുത്തൽ. പദ്ധതി നികുതിദായകരുടെ രജിസ്ട്രേഷൻ സേവനങ്ങളുടെ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിവർത്തനം സാധ്യമാക്കും. നിലവിലുള്ള സംവിധാനം പൂർണമായി നവീകരിച്ച് പുതിയ ഏകീകൃത പോർട്ടൽ നിലവിൽ വരുമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വനി വൈഷ്ണവ് അറിയിച്ചു. സംവിധാനം പൂർണ്ണമായി നവീകരിച്ചാലും നിലവിലെ പാൻ നമ്പറിൽ മാറ്റമുണ്ടാകില്ല.
പാൻ 2.0 സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

==================================

**NATIONAL MISSION ON NATURAL FARMING - CABINET**

കൃഷി-കർഷകക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രകൃതിദത്ത കൃഷിക്കായുള്ള ദേശീയ ദൗത്യം ആരംഭിക്കാനും കേന്ദ്ര മന്ത്രിസഭയോഗം തീരുമാനിച്ചു. ഈ പദ്ധതിക്ക് മൊത്തം 2,481 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ കേന്ദ്ര വിഹിതം 1,584 കോടി രൂപയും സംസ്ഥാന വിഹിതം 897 കോടി രൂപയുമായിരിക്കും. പ്രകൃതിദത്ത കൃഷി പ്രോത്സാഹിപ്പിക്കുകയാണ് ദേശീയ ദൗത്യത്തിന്റെ ലക്ഷ്യം. കാർഷിക മേഖലയിലെ പരമ്പരാഗത അറിവുകൾ, പ്രാദേശിക പ്രകൃതിദത്ത കൃഷി രീതികൾ, വൈവിധ്യമാർന്ന വിള സമ്പ്രദായങ്ങൾ മുതലായവ ഉൾപ്പെടുന്ന രാസരഹിത കൃഷി എന്നതാണ് ദൗത്യത്തിന്റെ ലക്ഷ്യം.

==================================

**JHARKHAND+ MAHA-GOVT FORMATION**

ഝാർഖണ്ഡിൽ ജെഎംഎം നേതാവ് ഹേമന്ദ് സോറേൻ സർക്കാർ ഈ മാസം 28-ന് സത്യപ്രതിജ്ഞ ചെയ്യും. റാഞ്ചിയിൽ ഗവർണറെ കണ്ട് സർക്കാർ രുപീകരണത്തിന് അവകാശവാദം ഉന്നയിച്ച ശേഷമാണ് ശ്രീ ഹേമന്ത് സൊറേൻ ഇക്കാര്യം അറിയിച്ചത്. ഐ.എൻ.ഡി.ഐ.എ മുന്നണിയുടെ ഭാഗമായ 56 നിയുക്ത എം എൽ എ മാരുടെ പിന്തുണക്കത്തും അദ്ദേഹം ഗവർണർക്ക് കൈമാറി. മഹാരാഷ്ട്രയിലും സർക്കാർ രൂപീകരണത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്.

==================================

**SC - POLLUTION**

വായു മലിനീകരണത്തിന്റെ പശ്ചാത്തലത്തിൽ ഡൽഹിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുന്നത് പരിഗണിക്കാൻ കമ്മീഷൻ ഫോർ എയർ ക്വാളിറ്റി മാനേജ്മെന്റിനോട് സുപ്രീം കോടതിയുടെ നിർദ്ദേശം. സ്കൂളുകളുടെ പ്രവർത്തനം ഓൺലൈനായതോടെ ചില വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണ സൗകര്യം ലഭ്യമാകുന്നില്ലെന്നും നിരവധി വിദ്യാർത്ഥികൾക്ക് ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ മതിയായ അടിസ്ഥാന സൗകര്യങ്ങളില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. അന്തരീക്ഷ മലിനീകരണം രൂക്ഷമായതിനെ തുടർന്ന് കഴിഞ്ഞയാഴ്ചയാണ് രാജ്യതലസ്ഥാനത്തെ സ്കൂളുകളും കോളേജുകളും ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്.

==================================

## NATIONAL MILK DAY – (INTRO)

ഇന്ന് ദേശീയ ക്ഷീരദിനം. ധവളവിപ്ലവത്തിന്റെ പിതാവായ ഡോ. വർഗീസ് കുര്യന്റെ സ്മരണയ്ക്കായാണ് എല്ലാ വർഷവും നവംബർ 26 ന് ദേശീയ ക്ഷീരദിനമായി ആചരിക്കുന്നത്. ഇതോടനുബന്ധിച്ച് ന്യൂഡൽഹിയിൽ ദിനാചരണപരിപാടി സംഘടിപ്പിക്കുമെന്ന് കേന്ദ്ര മൃഗസംരക്ഷണ, ക്ഷീര വകുപ്പ് അറിയിച്ചു. ക്ഷീരമേഖലയിലെ പരമോന്നത ദേശീയ പുരസ്കാരങ്ങളിലൊന്നായ ദേശീയ ഗോപാൽ രത്ന അവാർഡുകൾ കേന്ദ്ര ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് സമ്മാനിക്കും. ക്ഷീര കർഷകർ ആരംഭിച്ച പ്രസ്ഥാനമാണ് അമൂൽ എന്നും **ഈ പ്രസ്ഥാനത്തിന്റെ നിയന്ത്രണം കർഷകരിൽ നിലനിൽക്കുന്നതാണ് അമൂലിന്റെ വിജയരഹസ്യമെന്നുമുള്ള ഡോക്ടർ വർഗ്ഗീസ് കുര്യന്റെ വാക്കുകളിലേക്ക്.....**

**(വോയിസ്.......)**

==================================

## KERALA CM – KANNUR

ലോകത്തിന് മാതൃകയാവുന്ന പുനരധിവാസ പ്രക്രിയയായിരിക്കും പ്രകൃതി ദുരന്തമുണ്ടായ വയനാട്ടിലെ ചുരൽമലയും മുണ്ടക്കൈയിലും നടപ്പാക്കുകയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പുനരധിവാസവുമായി ബന്ധപ്പെട്ട പ്രഖ്യാപനം മാറ്റമില്ലാതെ നടപ്പാക്കും. നിർദ്ദിഷ്ട ടൗൺ ഷിപ്പിൽ ആവശ്യത്തിന് സൗകര്യമുള്ള വീടുകൾ നിർമ്മിക്കും. കേന്ദ്രത്തിൽ നിന്നുള്ള സഹായത്തിന് ഇനിയും ആവശ്യപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കൂത്തുപറമ്പ് രക്തസാക്ഷി ദിനാചരണം കൂത്തുപറമ്പിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു പിണറായി വിജയൻ.

==================================

## DAY-IFFI

ഗോവയിൽ നടക്കുന്ന  ഇന്ത്യ - അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ശ്രദ്ധേയമായി പ്രാദേശിക സിനിമകൾ. മേളയിലെ  പ്രാദേശിക ചലച്ചിത്രങ്ങൾ സംസ്കാരത്തിൽ ആഴത്തിൽ വേരൂന്നിയതാണെന്ന് കന്നഡ  നിർമ്മാതാവും നടനുമായ ഗൗരി ശങ്കർ എസ്ആർജി അഭിപ്രായപ്പെട്ടു. പ്രശസ്ത ബോളിവുഡ് താരം  കൃതി സനോൺ,

ഓസ്ട്രേലിയൻ സംവിധായകൻ ഫിലിപ്പ് നോയ്സ് എന്നിവർ നയിക്കുന്ന ചർച്ചകളും മേളയിൽ  നടക്കുന്നുണ്ട്.

==================================

## RAIN KERALA

ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം ശക്തി പ്രാപിച്ചതിനെ തുടർന്ന് കേരളത്തിൽ വരുംദിവസങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. ഈ മാസം 29 വരെ കേരള തീരത്ത് മത്സ്യബന്ധനത്തിനും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

==================================

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഹൈദരാബാദ് എഫ്സിക്കെതിരെ ഒഡിഷ എഫ്സിക്ക് ജയം. ഏകപക്ഷീയമായ 6 ഗോളുകൾക്കാണ് ഒഡീഷയുടെ ജയം. ഇതോടെ ഒമ്പത് മത്സരങ്ങളിൽ നിന്ന് 12 പോയിന്റുമായി ഒഡീഷ, പോയിന്റ് പട്ടികയിൽ നാലാമതെത്തി.

ഏഴ് പോയിന്റുള്ള ഹൈദരാബാദ് 11—ാം സ്ഥാനത്താണ്. ഇന്ന് നടക്കുന്ന മത്സരത്തിൽ മുംബൈ സിറ്റി പഞ്ചാബ് എഫ്സിയെ നേരിടും.  വൈകുന്നേരം 7.30-ന് മുംബൈയിലാണ് മത്സരം.

========

==================================

================================================================